പതിമൂന്നാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 484 — 06.02.2013 -ലെ മറുപടി

**കെ. എസ്. ആർ. ടി. സി. യിലെ പെൻഷൻകാർ**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ. രാജു | ശ്രീ. ആര്യാടൻ മുഹമ്മദ്<br>(ഊർജ്ജവും ഗതാഗതവും വകുപ്പു മന്ത്രി) |

| | | | |
|---|---|---|---|
| (എ) | കെ.എസ്.ആർ.ടി.സി. യിൽ നിലവിൽ എത്ര പെൻഷൻകാരുണ്ടെന്ന് വ്യക്തമാക്കുമോ ; | (എ) | നിലവിൽ കെ.എസ്.ആർ.ടി.സി. യിൽ 36,498 പെൻഷൻകാരുണ്ട്. |
| (ബി) | പ്രസ്തുത പെൻഷൻകാർക്ക് കൃത്യമായി പെൻഷൻ ലഭിക്കാത്ത സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ ; | (ബി) | ഉണ്ട്.<br>പെൻഷൻകാർക്ക് എല്ലാ മാസങ്ങളിലും കൃത്യമായി പെൻഷൻ വിതരണം നടത്തിയിരുന്നു. എന്നാൽ കോർപ്പറേഷനിലെ നിലവിലുള്ള സാമ്പത്തിക ബുദ്ധിമുട്ടുകൾ കാരണം കഴിഞ്ഞ നാലു മാസങ്ങളിൽ പെൻഷൻ വിതരണം വൈകിയിട്ടുണ്ട്. വിശദാംശം ചുവടെ ചേർക്കുന്നു. |
| (സി) | കെ.എസ്.ആർ.ടി.സി. യുടെ വർദ്ധിച്ചുവരുന്ന ബാധ്യത കണക്കിലെടുത്ത് പെൻഷൻ ബാധ്യതകൾ സർക്കാർ ഏറ്റെടുക്കുമോ ; ഇതിന് എന്തെല്ലാം നടപടികളാണ് കൈക്കൊള്ളാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ? | (സി) | കെ.എസ്.ആർ.ടി.സി. യുടെ പെൻഷൻ ബാധ്യത ഏറ്റെടുക്കുന്ന കാര്യം തത്കാലം സർക്കാരിന്റെ പരിഗണനയിലില്ല. |

| മാസം | പെൻഷൻ വിതരണം നടത്തിയ തീയതി |
|---|---|
| ഒക്ടോബർ 2012 | 22.10.2012 |
| നവംബർ 2012 | 08.11.2012 |
| ഡിസംബർ 2012 | 14.12.2012 |
| ജനുവരി 2013 | 28.01.2013 |

സെക്ഷൻ ഓഫീസർ